നം.കെ.എസ്.എ.പി.റ്റി.എ.പി.12/862/19 തീയതി : 11/10/2019

# പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 17.02.2019 മുതൽ 31.08.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപ്പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ. ഹബീബ് മുഹമ്മദ്, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.09.2019 മുതൽ 30.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ. അനിൽകുമാർ സി, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)<br>ശ്രീമതി ജയപ്രഭ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ<br>ശ്രീ. അരുൺ പി.ബി, സീനിയർ ഗ്രേഡ് ഓഡിറ്റർ |

## നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി സൗദാ രാജൻ | 01.04.2018 മുതൽ 12.07.18 വരെ |
| | ശ്രീ.എസ്.രാധാകൃഷ്ണൻ (വൈസ് പ്രസിഡന്റ്) | 12.07.18 മുതൽ 05.08.18 വരെ |
| | ശ്രീമതി ബീന പ്രഭ | 06.08.18 മുതൽ 31.03.19 വരെ |
| സെക്രട്ടറി | ശ്രീമതി അഞ്ജന ജെ.ആർ. | 01.04.2018 മുതൽ 29.04.2018 വരെ |
| | ശ്രീ. വി.ശശികുമാർ (JBDO) | 30.04.2018 മുതൽ 02.05.2018 വരെ |
| | ശ്രീമതി ശ്രീലക്ഷ്മി ജി. | 03.05.2018 മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി റാണി സി.ജി. | 01.04.18 – 31.03.19 |
| ക്ഷീര വികസന ഓഫീസർ | ശ്രീ.മാത്യു വർഗ്ഗീസ് | 01.04.18 – 31.03.19 |
| സി.ഡി.പി.ഓ (അഡീഷണൽ) | ശ്രീമതി മറിയം എം. | 01.04.18 – 03.07.18 |
| | ശ്രീമതി രാജേശ്വരി എസ്സ്. | 04.07.18 - 08.07.18 |
| | ശ്രീമതി സുജ എസ്.ജെ. | 09.07.18 – 31.03.19 |
| സി.ഡി.പി.ഓ | ശ്രീമതി നിഷ ആർ. നായർ | 01.04.18 – 14.04.18 FN |
| | ബിന്ദു സി.ബി. (ICDS സൂപ്പർവൈസർ) | 14.04.18 AN – 14.09.18 FN |
| | ശ്രീമതി റാണി എസ്. | 14.09.18 AN – 31.03.19 |
| കൃഷി അസി. ഡയറക്ടർ | ശ്രീ. സുരേഷ് കെ.വി. | 01.04.18 – 31.03.19 |
| അസി.എക്സി.എഞ്ചിനീയർ | ശ്രീ. ഹരികുമാർ ജി. | 01.04.18 – 21.08.18 |
| | ശ്രീ. വിജയൻ പിള്ള | 22.08.18 – 31.03.19 |
| വ്യവസായ വികസന ഓഫീസർ | ശ്രീ. പ്രവീൺ പ്രകാശ് | 01.04.18 – 31.03.19 |
| മെഡിക്കൽ ഓഫീസർ | ഡോ. ദിവ്യ ആർ. ജയൻ | 01.04.18 – 08.07.18 |
| | ഡോ. സുജിത്ത് ജി. | 09.07.18 – 31.03.19 |
| സീനിയർ വെറ്റിനറി സർജ്ജൻ | ഡോ. സി.ആർ.അനിൽ രാജ് | 01.04.18 – 31.03.19 |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: ഓഡിറ്റ് റിപ്പോർട്ട്

ഭാഗം 2: വരവ് ഭാഗത്തെ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 3: ചെലവ് ഭാഗത്തെ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

ഭാഗം 4: പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2018-19
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2018-19
4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2018-19

<u>ഉള്ളടക്കം</u>



| ക്രമനം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 12 | ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാലതാമസം | 1-12 |
| 13 | പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം നൽകൽ – പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ | 1-13 |
| 14 | പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 1-14 |
| 15 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല | 1-15 |
| 16 | മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യുന്നതിൽ വീഴ്ച | 1-16 |
| 17 | ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തി- ചെലവിന് ആധാരമായ രേഖകളില്ല | 1-17 |
| 18 | കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല | 1-18 |
| 19 | നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല | 1-19 |
| 20 | കായിക പരിശീലനം കഴിഞ്ഞതിനു ശേഷം ഉപകരണങ്ങൾ വാങ്ങി | 1-20 |
| 21 | സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതു കാരണം അധികച്ചെലവുണ്ടായി | 1-21 |
| 22 | മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ പ്രോജക്ടുകൾ ഏറ്റെടുത്തു | 1-22 |
| 23 | ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകാതെ തുക നിക്ഷേപിച്ചു | 1-23 |
| 24 | സെന്റേജ് ചാർജിനത്തിൽ അധികം തുക നൽകി | 1-24 |
| | ഭാഗം 2: വരവ് ഭാഗത്തെ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 25 | വരവ് നിരീക്ഷണങ്ങൾ | 2-1 |
| | ഭാഗം 3: ചെലവ് ഭാഗത്തെ വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 26 | ചെലവ് നിരീക്ഷണങ്ങൾ | 3-1 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 27 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 28 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-4 |

| | | |
|---|---|---|
| 31 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-5 |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 33 | ഓഡിറ്റ് റിക്കവറി | 4-7 |
| 34 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |



# ഭാഗം -1

## ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| ബജറ്റ് ജനറൽ കമ്മറ്റി പാസ്സാക്കിയ തീയ്യതി | 28.02.2018 |
| റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയ്യതി | ബജറ്റ് റിവൈസ് ചെയ്തിട്ടില്ല |

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2019 | 14.07.2019 |

## 1-3 സാമ്പത്തിക വിശകലനം (റെസിപ്റ്റ് & പേമെന്റ് പ്രകാരം)

| | |
|---|---|
| മുൻബാക്കി | 33470695 |
| വരവ് | 120352002 |
| ആകെ | 153822697 |
| ചെലവ് | 135308072 |
| നീക്കിബാക്കി | 18514625 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി ബാക്കി |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 49140000 | 49140000 | 45458103 | 3681897 |
| വികസന ഫണ്ട്(എസ്സ്.സി.പി) | 0 | 33081000 | 33081000 | 32666023 | 414977 |
| വികസന ഫണ്ട്(റ്റി.എസ്സ്.പി) | 0 | 449000 | 449000 | 449000 | 0 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 5727000 | 5727000 | 3161024 | 2565976 |
| റ്റി.എസ്സ്.ബി (തനത് ഫണ്ട് 6) | 635163 | 11152173 | 11787336 | 6748274 | 5039062 |
| റ്റി.എസ്സ്.ബി(സംയുക്ത പദ്ധതികൾ)2308 | 2381190 | 3099623 | 5480813 | 5480813 | 140000 |
| ഐ.എ.വൈ(ഭരണച്ചെലവുകൾ)67351011528 | 62773 | 190885 | 253658 | 233553 | 20105 |
| പി.എം.എ.വൈ ജനറൽ (അധിക | 17916321 | 1123203 | 19039524 | 18965115 | 74409 |

| | | | | | |
|---|---|---|---|---|---|
| ധനസഹായം)67384517514 | | | | | |
| ഐ.എ.വൈ അധിക ധനസഹായം 67101314664 | 8895016 | 2098648 | 10993664 | 10285827 | 707837 |
| സാക്ഷരത 57066339171 | 101572 | 3602 | 105174 | 0 | 105174 |
| ഐ.എ.വൈ 67225518317 | 882561 | 12146094 | 13028655 | 13021116 | 7539 |
| റ്റി.എസ്സ്.സി 6960 | 523792 | 28519 | 552311 | 188076 | 364235 |
| മിസ്സലേനിയസ്സ് 6961 | 2072307 | 190562 | 2262869 | 66605 | 2196264 |
| നബാർഡ് ആർ.ഐ.ഡി.എഫ്, റ്റി.എസ്സ്.ബി 220 | 0 | 9860000 | 9860000 | 0 | 9860000 |

## **1-5** പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 102 | 81 | -- | 21 | 79.4 |

പദ്ധതി നിർവ്വഹണ വിവരങ്ങൾ

| വികസന മേഖല | അംഗീകരിച്ച പ്രോജക്ടുകൾ | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|
| | എണ്ണം | അകെ തുക | എണ്ണം | ചെലവ് തുക | ചെലവ് % |
| ഉല്പാദനം | 10 | 25727596 | 8 | 14001884 | 54.4 |
| സേവനം | 55 | 71315749 | 43 | 56088346 | 78.6 |
| പശ്ചാത്തലം | 37 | 74103468 | 30 | 14012870 | 18.9 |
| ആകെ | 102 | 171146813 | 81 | 84103100 | 49.14 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആവിഷ്കരിച്ച പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 34 | 24 | 86544245 | 30487557 | 35.2 |
| അസി. എക്സി. എഞ്ചിനീയർ | 47 | 37 | 36052498 | 19832743 | 55.5 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | 3 | 3 | 1700000 | 1584707 | 93.2 |
| CDPO | 7 | 7 | 8876550 | 7206209 | 81.1 |
| കൃഷി അസി. ഡയറക്ടർ | 4 | 3 | 11923520 | 8421884 | 70.6 |
| പട്ടികജാതി വികസന ഓഫീസർ | 3 | 3 | 13900000 | 11590000 | 83.3 |
| വെറ്ററിനറി സർജൻ | 1 | 1 | 2400000 | 210000 | 8.7 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 2 | 6500000 | 4500000 | 70.3 |
| ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ | 1 | 1 | 3250000 | 270000 | 8.3 |

| | | | | | |
|---|---|---|---|---|---|
| ഓഫീസർ | | | | | |
| ആകെ | 102 | 81 | 171146813 | 84103100 | 49.14 |

പൊതുമരാമത്ത് (വൈദ്യുതിയും ഊർജ്ജവും ഉൾപ്പെടെ) പൊതു അവലോകനം

(1)ഏറ്റെടുത്തു നടപ്പാക്കിയ റോഡ് പ്രവൃത്തികൾ എല്ലാം തന്നെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ളതാണ്. ഡിവിഷൻ അടിസ്ഥാനത്തിൽ ഫണ്ട് വീതം വയ്ക്കുന്നതിനെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലാണ് പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് തയ്യാറാക്കുന്നത്. പഞ്ചായത്ത് രാജ് ആക്റ്റ് 172ാം വകുപ്പ് (1)ാം ഉപവകുപ്പ് നാലാം പട്ടിക അനുസരിച്ചുള്ള പൊതുമരാമത്ത് മേഖല ചുമതലയിൽ രണ്ട് ഗ്രാമ പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ബ്ലോക്ക് പഞ്ചായത്തിനുള്ളിലെ വില്ലേജ് റോഡുകളും ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ മറ്റ് റോഡുകളും പരിപാലിക്കുക എന്നതാണ്. എന്നാൽ ഏറ്റെടുത്ത റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ എല്ലാം തന്നെ ഒരു ഗ്രാമ പഞ്ചായത്തിനുള്ളിലുള്ളതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനത്തിന് ഉതകുന്ന തരത്തിൽ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പദ്ധതികൾ തയ്യാറാക്കുന്നതിന് അസി. എക്സി.എഞ്ചിനിയർ കൺവീനറായുള്ള പൊതുമരാമത്ത് (ഊർജ്ജം ഉൾപ്പെടെ) വർക്കിംഗ് ഗ്രൂപ്പ് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

(2)റോഡ് പ്രവൃത്തികൾക്ക് തൻ വർഷം എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിക്കൊണ്ട് പ്രോജക്ട് ആവിഷ്കരിച്ചിട്ടില്ല. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി നിലവാരവും ഗുണമേന്മയും ഉറപ്പ് വരുത്തിക്കൊണ്ടുള്ള റോഡ് വികസനം സാധ്യമാകത്തക്ക തരത്തിൽ എം.പി/ എം.എൽ.എ ഫണ്ട് ഉൾപ്പെടുത്തിയുള്ള സംയുക്ത പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് വേണ്ട നിർദ്ദേശങ്ങൾ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്ത് നിന്നും ഉണ്ടാകേണ്ടതാണ്.

(3)അസി.എക്സി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥയായി നടപ്പാക്കിയ ഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളുടെ ഫയലുകളിലും പ്രവൃത്തികളുടെ വിവിധ ഘട്ടങ്ങളിൽ മോണിട്ടറിംഗ് നടന്നതിന്റെ രേഖകളില്ല. വർക്കിംഗ് ഗ്രൂപ്പിന്റെ മോണിട്ടറിംഗിലുള്ള വീഴ്ച്ച ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ ചെലവുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

## 1-7 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.09.2019-ന് 03.00 PM ന് സ്ഥാപനത്തിലെ ഉത്തരവാദിത്വപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. അന്നേ ദിവസം കളക്ഷൻ ഇനത്തിൽ തുക ഒന്നും ഉണ്ടായിരുന്നില്ല.

## 1-9 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്തരണം ബ്ളോക്ക് പഞ്ചായത്തിൽ പൊതുവെ തൃപ്തികരമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയ്യതി |
|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 26.10.18 മുതൽ | 04/18-09/18 | 10.07.19 |

| | | | | |
|---|---|---|---|---|
| | | 29.10.18 വരെ | | |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ ഓഡിറ്റ് | 28.02.14 | 2010-11 മുതൽ 2012-13 | 24.04.2014 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.Capital Contribution മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് 142218082 ആണ്. ഇതിൽ നിന്നും ഷെഡ്യൂൾ 1-6 പ്രകാരമുള്ള റവന്യൂ ചെലവ് ആയ 63746670 രൂപ കുറച്ച് ക്യാപിറ്റൽ കോൺട്രിബ്യൂഷൻ ഇനത്തിൽ നീക്കിയിരിപ്പ് 78473412 ആയാണ് കണക്കാക്കേണ്ടത്. ഷെഡ്യൂൾ ബി3 യുമായി 157100 രൂപയുടെ വ്യത്യാസം ഉണ്ട്.

2.2017-18 ലെ AFS RP40(a) പ്രകാരം ഐ.എ.വൈ പദ്ധതിയുടെ ഫണ്ട് മുന്നിരിപ്പ് 30075088 ആണ്. 2018-19 ലെ എ.എഫ്.എസ്സ് ഷെഡ്യൂൾ RP 31 പ്രകാരം ഐ.എ.വൈ പദ്ധതിയ്ക്കുള്ള ആകെ വരവ് 17187945 ആണ്.ഇതനുസരിച്ച് മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് (OB+Receipt)47263033 ആണ്.തൻ വർഷത്തെ എ.എഫ്.എസ്സ് ഷെഡ്യൂൾ I6 പ്രകാരം ടി പദ്ധതി ഇനത്തിൽ ആകെ ചെലവ് 46015841 ആണ്.ഇതനുസരിച്ച് തൻവർഷത്തെ ഫണ്ട് നീക്കിയിരിപ്പ് 1247192 എന്നാണ് കണക്കാക്കേണ്ടത്. എന്നാൽ തൻവർഷത്തെ B4,B17,RP40(b) എന്നിവയിൽ നീക്കിയിരിപ്പ് 979285 എന്നാണ് കാണിച്ചിട്ടുള്ളത്. AFS ലെ കണക്കുകൾ യഥാർത്ഥത്തിലുള്ളതുമായി പൊരുത്തപ്പെടുന്നില്ല.

3.ഷെഡ്യൂൾ ബി11: Other construction, drinking water pipe line എന്നീ ഇനങ്ങളിലെ മുന്നിരിപ്പ് തൻ വർഷത്തെ AFS ഷെഡ്യൂൾ B11 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.(ഷെഡ്യൂൾ RP 38 പ്രകാരം തൻ വർഷം ഈയിനങ്ങളിൽ Fixed Asset സൃഷ്ടിക്കപ്പെട്ടിട്ടില്ല.

4.ഷെഡ്യൂൾ RP 38 പ്രകാരം തൻവർഷം Office Equipments ഇനത്തിൽ 184520 രൂപ ചെലവുണ്ട്. 2017-18 ലെ AFS പ്രകാരമുള്ള തൻ വർഷത്തെ മുന്നിരിപ്പിനോട് ടി തുക കൂട്ടുമ്പോൾ തൻവർഷത്തെ AFS ലെ ഷെഡ്യൂൾ B11 പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.

## 1-12 ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് തിരികെ ലഭിക്കുന്നതിന് കാല താമസം

തനത് വരുമാനം ഇനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ലഭിക്കേണ്ട ടെണ്ടർ ഫീ എക്സി. എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും തിരികെ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു.

28-09-2013 ലെ ജി.ഒ.(എം.എസ്) 318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമ പഞ്ചായത്ത് / ബ്ലോക്ക് പഞ്ചായത്ത് മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് പ്രസ്തുത അക്കൗണ്ടിൽ ഒടുക്കുന്നതിനും നിർദ്ദേശിച്ചിരുന്നു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ കമ്മിറ്റിയുടെ 27-07-17 ലെ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02-10-20017 ലെ സ.ഉ (സാധാ) നമ്പർ . 3186/2017/ത.സ്വ.ഭ.വ പ്രകാരമുള്ള ഉത്തരവിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ അക്കൗണ്ടില്ലാത്ത എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ഇ-ടെണ്ടറിന്റെ ആവശ്യത്തിനായി എസ്.ബി.ഐ യിൽ അക്കൗണ്ട് തുടങ്ങുന്നതിന് അനുമതി നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ 2019-20 ലാണ് അക്കൗണ്ട് തുടങ്ങിയിട്ടുള്ളത്. 2018-19 വർഷവും മുൻ വർഷങ്ങളിൽ ചെയ്തതുപോലെ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ പേരിലുള്ള സീറോ ബാലൻസ് അക്കൗണ്ടിലേക്കാണ് ടെണ്ടർ ഫീ ക്രഡിറ്റ് ചെയ്തിട്ടുള്ളത്. 2017-18 വരെയുള്ള ടെണ്ടർ ഫീ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറിൽ നിന്നും തിരികെ ലഭിച്ചിട്ടുള്ളതായി അസി. എഞ്ചിനിയർ ഓഡിറ്റ് വേളയിൽ അറിയിച്ചു. അസി. എക്സി. ലഭ്യമാക്കിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ 2018-19 വർഷം 30 പ്രവൃത്തികൾക്ക് ഇ ടെണ്ടർ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ ഫീ ഇനത്തിൽ 122900/- രൂപയും ജി.എസ്.ടി ഇനത്തിൽ 7692/- രൂപയുമുൾപ്പെടെ 130592/- രൂപ ജില്ലാപഞ്ചായത്ത് എൽ.എസ്.ജി.ഡി എക്സി. എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്. പ്രസ്തുത തുക തിരികെ ലഭിക്കുന്നതിനായി നാളിതുവരെ നടപടി സ്വീകരിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു. തുക ലഭ്യമാക്കുന്ന മുറയ്ക്ക് ടെണ്ടർ ഫീ തനത് ഫണ്ടിലും ജി.എസ്.ടി ചരക്ക് സേവന നികുതി വകുപ്പിലേക്കും ഒടുക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-13 പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം നൽകൽ -പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

1.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി<br>SO 075/19, സ്പിൽ ഓവർ |
| അടങ്കൽ തുക | 37,00,000 (എസ്.സി.പി) |
| ചെലവ് തുക | 21,50,000 |

സ്പിൽ ഓവറായി നടപ്പിലാക്കിയ ടി പദ്ധതിയിൽ രണ്ടാം ഗഡുവായി 50,000 രൂപയാണ് നൽകിയിട്ടുള്ളത്. ആനുകൂല്യം കൈപ്പറ്റിയ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കൾക്ക് ഇതേ ആനുകൂല്യം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ വഴി മുൻപ് ലഭിച്ചിട്ടുണ്ടോയെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പുവരുത്തിയിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക, ബിൽ നം.,തീയതി |
|---|---|---|
| 1 | ശ്രീജിത്ത് ബി, പഞ്ചിപ്പുല്ലുംവിള തെക്കേതിൽ, കൊടുമൺ | 50000<br>32/18-19,27.12.2018 |
| 2 | അതുല്യ ജി, അതുല്യ ഭവനം, കൊടുമൺ | 50000<br>60/18-19,<br>23.03.2019 |
| 3 | രമ്യ വി, അരിങ്കുളത്ത്, കൊടുമൺ സൗത്ത് | 50000<br>32/18-19,<br>27.12.2018 |
| 4 | ഗോപിക ജി, മുളയറ തെക്കേതിൽ, അങ്ങാടിക്കൽ തെക്ക് | 50000<br>02/18-19,<br>25.05.2018 |
| 5 | അർച്ചന ആർ, സരസ്വതി വിലാസം, നെടുമൺ | 50000 |

| | | |
|---|---|---|
| | | 69/18-19, 27.03.2019 |
| 6 | സുധീഷ് എസ്, കുളത്തിനാൽ വടക്കേക്കര, കൊടുമൺ | 50000 01/18-19, 22.05.2018 |
| 7 | സനൽ എസ്, അയണിവിള, കൈതപ്പറമ്പ് | 50000 10/18-19, 20.08.2018 |
| 8 | രഞ്ചിത എം, ചിരുവിള കിഴക്കേതിൽ, നെടുമൺ | 50000 16/18-19, 31.10.2018 |
| 9 | സുബിൻ കൃഷ്ണൻ, കോളനി പുത്തൻവീട്, നെടുമൺ | 50000 10/18-19, 20.08.2018 |
| 10 | ഗൗതം കൃഷ്ണ, ചരുവിള പടിഞ്ഞാറ്റേതിൽ, ആനയടി | 50000 32/18-19, 27.12.2018 |
| 11 | നന്ദു, ചാങ്ങേത്ത് മേലേതിൽ, പെരിങ്ങനാട് | 50000 03/18-19, 31.05.2018 |
| 12 | ആര്യ രാജഗോപാൽ, ഉപ്പിനിത്തറ തെക്കേതിൽ, പയ്യനല്ലൂർ | 50000 16/18-19, 31.10.2018 |
| ആകെ | | 600000 |

താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് രണ്ടാം ഗഡുവായി ആനുകൂല്യം നൽകിയത് (50,000 രൂപ വീതം) ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കേറ്റിന്റെ അടിസ്ഥാനത്തിലല്ല.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | തുക, ബിൽ നം. |
|---|---|---|
| 1 | അർച്ചന ആർ, സരസ്വതി വിലാസം, നെടുമൺ | 50000 69/18-19, 27.03.2019 |
| 2 | അഞ്ജന കെ.ആർ, കല്ലുവിളയത്തിൽ തെക്കേതിൽ, നെടുമൺ | 50000 59/18-19, 23.03.2019 |
| 3 | ആതിരാലക്ഷ്മി ആർ, ആതിരാഭവനം, കടമ്പനാട് | 50000 02/18-19, 25.05.2018 |
| ആകെ | | 150000 |

അപാകതകൾക്കുള്ള മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/26.09.19) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. പഠനമുറി നിർമ്മാണത്തിന് ആനുകൂല്യം നൽകുന്നതുമായി ബന്ധപ്പെട്ട അപാകതകൾ കാരണം ആകെ ചെലവ് തുക 700000 രൂപ( അർച്ചന ആർ, സരസ്വതി വിലാസം എന്ന ഗുണഭോക്താവിന് നൽകിയ തുക രണ്ട് ടേബിളിലും ഉൾപ്പെട്ടിട്ടുള്ളതിനാൽ 50000 രൂപയുടെ ഇരട്ടിപ്പ് ഒഴിവാക്കി)തടസ്സപ്പെടുത്തുന്നു. അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനനുസരിച്ച് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

2.

| | |
|---|---|
| പദ്ധതിയുടെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി<br>SO 07/19 |

| | |
|---|---|
| അടങ്കൽ തുക | 90,00,000 (എസ്.സി.പി) |
| ചെലവ് തുക | 82,50,000 |

പദ്ധതിയുടെ ഭാഗമായി താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് പഠനമുറി നിർമ്മാണത്തിനായി ആനുകൂല്യം നൽകിയത് വാല്യുവേഷൻ സർട്ടിഫിക്കറ്റ്, സമാനമായ ആനുകൂല്യം ഗ്രാമപഞ്ചായത്തിൽ നിന്ന് ലഭിച്ചിട്ടില്ലെന്നുള്ള രേഖ എന്നിവയുടെ അഭാവത്തിലാണ്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക(ബിൽ നമ്പർ/തീയതി) | അപാകത |
|---|---|---|---|
| 1 | രവീണ പി<br>തെക്കേപ്ലാവിള പടിഞ്ഞാറ്റേതിൽ<br>മുണ്ടപ്പള്ളി | 2,00,000<br>29/17.12.18<br>38/30.01.19<br>70/27.03.19 | അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമല്ല |
| 2 | ശാന്തി എസ്സ്<br>വേലന്റെ പടിഞ്ഞാറ്റേതിൽ<br>ചെളിക്കുഴി | 2,00,000<br>22/28.11.18<br>31/27.12.18 | ടി |
| 3 | ജിഷ്ണ ജെ<br>വലിയവിളയിൽ മേലേതിൽ<br>ഇളമണ്ണൂർ | 2,00,000<br>28/17.12.18<br>34/14.01.19 | ടി |
| 4 | ശ്രുതി കെ.എസ്.<br>മുണ്ടയത്തിൽ വീട്, നെല്ലിമുകൾ | 2,00,000<br>20/24.11.18<br>36/19.01.19 | ടി |
| 5 | അഞ്ജിത എ.എസ്സ്.<br>കാർത്തിക, മണ്ണടി | 2,00,000<br>18/14.11.18<br>26/10.12.18<br>62/26.03.19 | ടി |
| 6 | ദൃശ്യമോൾ<br>കുഴിവിളയിൽ വീട്, കുറുമ്പകര | 2,00,000<br>28/17.12.18<br>36/19.01.19<br>61/23.03.19 | അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യുവേഷൻ സർട്ടിഫിക്കേറ്റ് ലഭ്യമല്ല.<br>ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്ന് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| 7 | മീതു കെ.<br>രത്നഗിരി വീട്, അതിരുങ്കൽ | 2,00,000<br>18/14.11.18<br>38/30.01.19<br>47/07.03.19 | ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്ന് മുൻപ് ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ലായെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല |
| ആകെ | | 1400000 | |

താഴെപ്പറയുന്ന ഗുണഭോക്താക്കൾ രണ്ട് ഗഡു തുകകൾ ഓഡിറ്റ് വർഷം കൈപ്പറ്റിയെങ്കിലും പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക,ബിൽ നമ്പർ/തീയതി | അപാകത |
|---|---|---|---|

| | | | |
|---|---|---|---|
| 8 | അഭിലാൽ എ.<br>പത്മശ്രീ വിഹാർ, പൂതങ്കര | 1,50,000<br>20/24.11.18<br>52/14.03.19 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| 9 | രാവിന്ദ് ആർ.എസ്സ്.<br>പുന്തിലേത്ത് വീട്, മേല്പൂട് | 50,000<br>26/10.12.18 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 1,00,000 രൂപ 19-20 സാമ്പത്തിക വർഷം കൈപ്പറ്റിയിട്ടുണ്ട്. |
| 10 | അനൂപ് അർജ്ജുൻ<br>ചുഴിക്കുന്നിൽ തെക്കേപ്പുറത്ത്<br>അങ്ങാടിക്കൽ വടക്ക് | 1,50,000<br>18/14.11.18<br>22/28.11.18 | പഠനമുറി നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല |
| ആകെ | | 350000 | |

പദ്ധതിയുടെ ഭാഗമായി ശ്രീമതി സരോജിനി റ്റി. (അക്കൗണ്ട് നം. 33166438826), ശ്രീമതി കാർത്ത്യായനി റ്റി.(അക്കൗണ്ട് നം. 29870100006629) എന്നിവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് ബിൽ നം. 57/18-19/23.03.19 പ്രകാരം 50,000 രൂപ വീതം ക്രെഡിറ്റ് ചെയ്തിട്ടുള്ളതായി കാണുന്നു. പഠനമുറി നിർമ്മാണത്തിനായി ഏത് വിദ്യാർത്ഥികൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യമാണ് ടി അക്കൗണ്ടുകളിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമല്ല.

അപാകതകൾക്കുള്ള മറുപടി, അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 03/26.09.19) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയില്ല. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ കാരണം 1850000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-14 പ്രവൃത്തികൾ ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എൽ.എസ്.ജി.ഡി വിഭാഗം മുഖേന നിർവ്വഹിക്കുന്ന മരാമത്ത് പ്രവൃത്തികൾ ഒരു ഘട്ടത്തിൽ പോലും ഗുണമേന്മാ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല എന്നത് പ്രവൃത്തിയുടെ നിർവ്വഹണത്തിലെ ഗുരുതരമായ ഒരു പോരായ്മയാണ്. കേരള പൊതുമരാമത്ത് മാന്വലിലെ സെക്ഷൻ - 2103 പ്രകാരം ഓരോ പ്രവൃത്തിയും കൃത്യമായ സ്പെസിഫിക്കേഷൻ അനുസരിച്ചാണോ നിർവ്വഹിക്കുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. ആയതിന് ഫലപ്രദമായ സൂപ്പർവിഷൻ നിർബന്ധമാക്കേണ്ടതും, പ്രവൃത്തിയുടെ ഗുണനിലവാരം പരിശോധനാ വിധേയമാക്കേണ്ടതുമാണ്. ഗുണ പരിശോധനാ ടെസ്റ്റുകളുടെ ലിസ്റ്റ് മുൻകൂട്ടി തയ്യാറാക്കി ടെണ്ടർ രേഖകളോടൊപ്പം ഉൾപ്പെടുത്തേണ്ടതും, ടെസ്റ്റ് റിപ്പോർട്ടുകൾ ഫൈനൽ ബില്ലിനോടൊപ്പം സമർപ്പിക്കേണ്ടതുമാണെന്ന് മാന്വലിൽ നിഷ്കർഷിച്ചിരിക്കുന്നു. മാന്വലിലെ ക്ലോസ് - 2401. 2406 എന്നിവ പ്രകാരം 3 – Tier Quality Monitoring System സർക്കാർ പൊതുമരാമത്ത് വകുപ്പിൽ നിർബന്ധമാക്കിയിട്ടുണ്ട്. GO(Rt) 469/2013/PWD/ തീയതി 30-03-2013-ാം നമ്പർ ഉത്തരവ് പ്രകാരം പി.ഡബ്ല്യൂ.ഡി.യിൽ ക്വാളിറ്റി കൺട്രോൾ സിസ്റ്റം നടപ്പാക്കിയിട്ടുണ്ട്. എൽ.എസ്.ജി.ഡി മുഖേനയുള്ള പ്രവൃത്തികൾക്കും ക്വാളിറ്റി കൺട്രോൾ ടെസ്റ്റ് നടത്തേണ്ടതാണെന്ന് സർക്കാരിന്റെ നിർദ്ദേശം ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെയും മാന്വലിന്റെയും അടിസ്ഥാനത്തിൽ പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനാവശ്യമായ ലാബ് ടെസ്റ്റുകൾ മറ്റ് പരിശോധനകൾ എന്നിവയ്ക്കാവശ്യമായ ചെലവുകൾ കരാറുകാർ തന്നെ വഹിക്കേണ്ടതാണെന്ന് ഇ-പ്രോക്വയർമെന്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇക്കാര്യം കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിട്ടില്ല. തൻ വർഷം നടപ്പാക്കിയ ഒരു പ്രവൃത്തിയുടെ ഫയലിലിലും പരിശോധന നടത്തിയതിന്റെ രേഖകൾ ഉൾപ്പെടുത്തിയിട്ടില്ല. പൊതുമരാമത്ത് വകുപ്പിൽ ഗുണനിലവാര പരിശോധനയ്ക്ക് പ്രത്യേകം ലാബ് സൗകര്യങ്ങളും ഉപകരണങ്ങളും പ്രവർത്തന സജ്ജമായിട്ടും എൽ.എസ്.ജി.ഡി വിഭാഗം ഈ വിഷയത്തിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല. പരിശോധനയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ ജില്ലാ പഞ്ചായത്തിൽ വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പ്രവർത്തന സജ്ജമാക്കിയിട്ടില്ലെന്നുള്ള കാര്യം ശ്രദ്ധേയമാണ്. വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിന്മേൽ ചർച്ച നടത്തി വേണ്ട നിർദ്ദേശങ്ങൾ ഭരണ സമിതിക്ക് മുമ്പാകെ സമർപ്പിച്ചിട്ടില്ലാത്തത് മേൽനോട്ട ചുമതലയിലെ വീഴ്ച്ചയാണ്. ഈ വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്നത് അത്യന്തം

ഖേദകരമായ കാര്യമാണ്. MORTH, MORD മുതലായ സ്പെസിഫിക്കേഷനുകൾ പ്രകാരമുള്ള ഉയർന്ന നിരക്കുകൾ മരാമത്ത് പ്രവൃത്തികൾക്ക് അനുവദിക്കുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരം പ്രവൃത്തികൾ നിർവ്വഹിക്കുന്നുണ്ടോ എന്ന് പരിശോധിക്കേണ്ടത് അനിവാര്യമാണ്. സ്പെസിഫിക്കേഷനിൽ ഉൾപ്പെടുത്തിയിട്ടുള്ളതു പ്രകാരമുള്ള നിർമ്മാണ സാമഗ്രികൾ ജില്ലയിൽ ലഭ്യമല്ലാത്ത സാഹചര്യത്തിലും (പ്രത്യേകിച്ചും നിശ്ചിത അനുപാതത്തിലും അളവിലുമുള്ള മെറ്റൽ) ഇത്തരം സാധനങ്ങൾ ഉപയോഗിച്ചുവെന്ന് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി ഉയർന്ന നിരക്കിൽ പ്രതിഫലം കൈപ്പറ്റുന്നതായി വ്യക്തമാണ്. പൊതുപണം ദുർവ്യയം ചെയ്യപ്പെടുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗുണ നിലവാര പരിശോധന കർശനമായി നടത്തേണ്ടതുണ്ട്. തദ്ദേശ സ്ഥാപനത്തിലെ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും സത്വര ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-15 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം - കളക്ഷൻ ചാർജ് ഈടാക്കുന്നില്ല

കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമ നിധി നിയമം അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പ്രവൃത്തിമൂല്ല്യത്തിന്റെ ഒരു ശതമാനം തുക നിർമ്മാണ തൊഴിലാളി ക്ഷേമ നിധി ഫണ്ട് ആയി ഈടാക്കേണ്ടതാണ്. പ്രസ്തുത നിയമത്തിലെ സെക്ഷൻ 3(3) അനുസരിച്ച് പൊതുമരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഈടാക്കുന്ന ക്ഷേമ നിധി ഫണ്ടിന്റെ ഒരു ശതമാനം തുക കളക്ഷൻ ചാർജ് ഇനത്തിൽ തദ്ദേശ സ്ഥാപനത്തിന്റെ ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. ബാക്കിയുള്ള 99 % തുക മാത്രം ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്ക് വരുത്തുകയും ചെയ്യേണ്ടതാണ്. അസി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പറക്കോട് ബ്ലോക്ക് പഞ്ചായത്തിൽ 2018-19 വർഷം നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും പിടിച്ച ക്ഷേമ നിധി വിഹിതത്തിന് കളക്ഷൻ ചാർജ് ഈടാക്കാതെയാണ് ക്ഷേമ നിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുള്ളത്. തൻവർഷം 201235/- രൂപ നിർമ്മാണ തൊഴിലാളി ക്ഷേമനിധി ഫണ്ട് ഇനത്തിൽ മരാമത്ത് പ്രവർത്തികളുടെ ബില്ലിൽ നിന്നും പിടിച്ച് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ഒടുക്കിയിട്ടുണ്ടെന്ന് അസി.എക്സി.എഞ്ചിനിയർ അറിയിച്ചു. പ്രസ്തുത തുകയുടെ ഒരു ശതമാനമായ 2012/- രൂപ കളക്ഷൻ ചാർജായി ഈടാക്കി തനത് വരുമാനം വർദ്ധിപ്പിക്കാമായിരുന്നു. കളക്ഷൻ ചാർജ് ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (05/24-09-19) ലഭ്യമാക്കിയ മറുപടിയിൽ നാളിതുവരെ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ലെന്നും വരും വർഷം മുതൽ കളക്ഷൻ ചാർജ് ഈടാക്കുന്നതാണെന്നും അസി.എക്സി എഞ്ചിനിയർ അറിയിച്ചു. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-16 മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.ടി കുറവ് ചെയ്യുന്നതിൽ വീഴ്ച

250000 രൂപയ്ക്ക് മുകളിലുള്ള മരാമത്ത് പ്രവൃത്തിയുടെ പാർട്ട് ബിൽ / ഫൈനൽ ബില്ലിൽ നിന്നും 01-10-2018 മുതൽ പ്രവൃത്തിമൂല്ല്യത്തുകയുടെ 2% തുക ജി.എസ്.ടിയായി കുറവ് ചെയ്യാതിരുന്നത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധം.

അസി.എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2017-18 വർഷം ആവിഷ്കരിച്ച് 2018-19 ൽ സ്പിൽ ഓവറായി നടപ്പാക്കിയ ഏതാനും പ്രവൃത്തികളുടെ ഒന്നാം പാർട്ട് ബില്ലിന് ശേഷം കണക്കാക്കുന്ന പാർട്ട് ബിൽ / ഫൈനൽ ബിൽ തുക 250000/- രൂപയിൽ തഴെയാണെന്ന കാരണത്താൽ ജി.എസ്.ടി കുറവ് ചെയ്തിട്ടില്ലാത്തതായി കാണുന്നു. പാർട്ട് ബിൽ / ഫൈനൽ ബിൽ നൽകുമ്പോൾ ആകെ പ്രവൃത്തിമൂല്ല്യം 250000/- രൂപയ്ക്ക് മുകളിലാണെങ്കിൽ 2% തുക ജി.എസ്.ടിയായി കണക്കാക്കി മുമ്പ് നൽകിയ പാർട്ട് ബിൽ പ്രകാരം ജി.എസ്.ടി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് കുറവ് ചെയ്ത് ബാക്കിയുള്ള തുക ഈടാക്കി ജി.എസ്.ടി ഹെഡ്ഡിൽ ഒടുക്കുകയാണ് വേണ്ടത്. ഇത്തരത്തിൽ ജി.എസ്.ടി ഈടാക്കിയിട്ടില്ലാത്തതും കുറവായി ഈടാക്കിയതുമായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെ വിശദാംശം | നാളിതുവരെയുള്ള അലോട്ട്മെന്റ് | ആകെ കണക്കാക്കേണ്ട ജി.എസ്.ടി | മുൻ പാർട്ട് ബിൽ പ്രകാരം ഈടാക്കിയ ജി.എസ്.ടി | ജി.എസ്.ടി ബാക്കി ഈടാക്കേണ്ടത് | ജി.എസ്.ടി ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|---|
| ഏറത്ത് ഗ്യാസ് | 318156 | 6363 | 0 | 6363 | 4500 | 1863 |

| | | | | | | |
|---|---|---|---|---|---|---|
| ക്രിമറ്റോറിയം -സംരക്ഷണ ഭിത്തിയും ഗേറ്റും നിർമ്മാണം(117/19)<br>അടങ്കൽ : 1200000<br>കരാറുകാരൻ : അനിൽകുമാർ.വി<br>പ്രവൃത്തിമൂല്ല്യം : 361584<br>Iാം പാർട്ട് ബിൽ തുക : 93156/-<br>ബിൽ നം./ തീയതി 41/18-19/16-03-19<br>IIാം പാർട്ട് ബിൽ തുക : 225000/-<br>ബിൽ നം./ തീയതി 47/18-19/26-03-19 | | | | | | |
| ചൂരക്കുന്നിൽ മലനട കുറ്റിപ്ലാപ്പടി റോഡ് കോൺക്രീറ്റിംഗ്(97/19)<br>അടങ്കൽ : 1100000<br>കരാറുകാരൻ : സുധീർകുമാർ.V<br>പ്രവൃത്തിമൂല്ല്യം : 802925<br>Iാം പാർട്ട് ബിൽ തുക : 700000/-<br>ബിൽ നം./ തീയതി 12/18-19/24-11-18<br>IIാം പാർട്ട് & ഫൈനൽ ബിൽ തുക : 102925/-<br>ബിൽ നം./ തീയതി 46/18-19/26-03-19 | 802925 | 16058 | 0 | 16058 | 14000 | 2058 |
| ഗ്യാസ് ക്രിമറ്റോറിയം സ്ഥാപിക്കൽ(22/18, 87/19)<br>അടങ്കൽ : 2931200<br>കരാറുകാരൻ : അനിൽകുമാർ<br>പ്രവൃത്തിമൂല്ല്യം : 1622922 | 1611526 | 32230 | 27794 | 4436 | 2196 | 2240 |

| | | | | | | |
|---|---|---|---|---|---|---|
| Iാം പാർട്ട് ബിൽ തുക : 937505/-<br>ബിൽ നം./ തീയതി 27/18-19/11-03-19<br>IIാം പാർട്ട് ബിൽ തുക : 111972/-<br>ബിൽ നം./ തീയതി 42/18-19/18-03-19<br>IIIാം പാർട്ട് ബിൽ തുക : 452257/-<br>ബിൽ നം./ തീയതി 03/19-20/08-05-19<br>IVാം പാർട്ട് ബിൽ തുക : 109792/-<br>ബിൽ നം./ തീയതി 11/19-20/23-07-19 | | | | | | |
| പെരിങ്ങനാട് വടക്ക് ഗവ.എൽ.പി.എസ് കഞ്ഞിപ്പുരയും ഡൈനിംഗ് ഹാളും (36/19)<br>അടങ്കൽ : 1500000<br>കരാറുകാരൻ : അനിൽകുമാർ.V<br>പ്രവൃത്തിമൂല്ല്യം : 1299503<br>Iാം പാർട്ട് ബിൽ തുക : 540000/-<br>ബിൽ നം./ തീയതി 15/18-19/30-11-18<br>IIാം പാർട്ട് ബിൽ തുക : 556085/-<br>ബിൽ നം./ തീയതി 20/18-19/11-01-19<br>IIIാം പാർട്ട് ബിൽ തുക : 100000/-<br>ബിൽ നം./ തീയതി 31/18-19/22-02-19<br>IVാം പാർട്ട് ബിൽ തുക : 100000/- | 1299503 | 25990 | 21922 | 4068 | 70 | 3998 |

| | | | | | | |
|---|---|---|---|---|---|---|
| ബിൽ നം./ തീയതി 33/18-19/25-02-19<br>ഫൈനൽ ബിൽ തുക : 3418<br>ബിൽ നം./ തീയതി 13/19-20/17-08-19 | | | | | | |
| പറക്കോട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കെട്ടിടത്തിന്റെ പൂർത്തീകരണം(105/19)<br>അടങ്കൽ : 1000000<br>കരാറുകാരി : പി.കെ.ലത<br>പ്രവൃത്തിമൂല്യം : 438234<br>Iാം പാർട്ട് ബിൽ തുക : 128871/-<br>ബിൽ നം./ തീയതി 28/18-19/11-03-19<br>IIാം പാർട്ട് ബിൽ തുക : 301629/-<br>ബിൽ നം./ തീയതി 51/18-19/26-03-19 | 430500 | 8610 | 0 | 8610 | 6034 | 2576 |
| കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്(46/19)<br>അടങ്കൽ : 2000000<br>കരാറുകാരി : പി.കെ.ലത<br>പ്രവൃത്തിമൂല്യം : 658468<br>Iാം പാർട്ട് ബിൽ തുക : 456227/-<br>ബിൽ നം./ തീയതി 23/18-19/25-01-19<br>IIാം പാർട്ട് ബിൽ തുക : 197185/-<br>ബിൽ നം./ തീയതി 29/18-19/11-03-19 | 653412 | 13068 | 9126 | 3942 | 0 | 3942 |
| ആകെ | | | | | | 16677 |

ജി.എസ്.ടി ഇനത്തിൽ ഒടുക്കേണ്ട തുക കരാറുകാർക്ക് അധിക പ്രതിഫലമായി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/30-09-19) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. അധിക പ്രതിഫലമായി നൽകിയ ടി 16677/- രൂപ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ജി.എസ്.ടി ഹെഡ്ഡിൽ ഒടുക്ക് വരുത്തേണ്ടതാണ്.

## 1-17 ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ മരാമത്ത് പ്രവൃത്തി- ചെലവിന് ആധാരമായ രേഖകളില്ല.

അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 ലെ വാർഷിക പദ്ധതിയിൽ ആവിഷ്കരിച്ച് 2017-18 ൽ എഗ്രിമെന്റ് വച്ചിട്ടുള്ളതും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയതുമായ താഴെ പ്പറയുന്ന മരാമത്ത് പ്രവൃത്തി സംബന്ധിച്ചുള്ള ചെലവിനാധാരമായ രേഖകൾ ലഭ്യമാക്കാതെ ഫൈനൽ ബിൽ തുക നൽകിയ നിർവ്വഹണ ഉദ്യോഗസ്ഥന്റെ നടപടി ക്രമവിരുദ്ധമാണ്.

അസിസ്റ്റന്റ് എക്സി. എഞ്ചിനിയറും ഗുണഭോക്തൃസമിതിയും തമ്മിലേർപ്പെട്ട കരാറിലെ വ്യവസ്ഥകൾ അനുസരിച്ചും കേരള പഞ്ചായത്ത് രാജ് പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ ചട്ടം 13(6) പ്രകാരവും 17.08.1999 ലെ സാങ്കേതിക സർക്കുലർ നമ്പർ ജി.ഒ(എം.എസ്സ് 164/1999/LAD തീയതി 17.08.1999 അനുസരിച്ചും ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ കാര്യത്തിൽ എസ്റ്റിമേറ്റ് തുകയോ പ്രവൃത്തിമൂല്യ തുകയോ ഗുണഭോക്തൃസമിതിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണ് കുറവ് എങ്കിൽ ആ തുകയ്ക്ക് മാത്രമേ സമിതിക്ക് പ്രതിഫലമായി അർഹതയുള്ളൂ . ഗുണഭോക്തൃസമിതി വാങ്ങിയ നിർമ്മാണ സാമിഗ്രികളുടെ അസ്സൽ ബിൽ വാങ്ങി പരിശോധിച്ച് ആവശ്യമായ അളവിൽ ഉപയോഗിച്ചിട്ടുണ്ടോയെന്ന് ഉറപ്പ് വരുത്താതെയും പ്രവൃത്തിക്ക് വേണ്ടി നിയോഗിച്ച വിവിധ വിഭാഗം തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ മസ്റ്റർ റോൾ ലഭ്യമാക്കാതെയും കൺവീനർക്ക് പ്രതിഫലം നൽകിയ അസിസ്റ്റന്റ് എഞ്ചിനിയറുടെ നടപടി ക്രമ വിരുദ്ധമാണ്. കേരള പഞ്ചായത്ത് രാജ് /കേരള മുനിസിപ്പാലിറ്റി (പൊതുമരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങളിലെ ചട്ടം 15 അനുസരിച്ച് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവുകളെ അടിസ്ഥാനമാക്കിയും ഗുണമേന്മ ഉറപ്പ് വരുത്തിയും മാത്രമേ ഗുണഭോക്തൃസമിതിക്ക് പേയ്മെന്റ് നൽകാവൂ എന്നിരിക്കെ ചെലവിനാധാരമായ രേഖകൾ വാങ്ങി സൂക്ഷിക്കാതെ ഫൈനൽ ബിൽ തുക നൽകിയത് ചട്ടങ്ങളുടെ ലംഘനം തന്നെയാണ്. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെവിശദാംശം | പ്രവൃത്തിമൂല്യ തുക | കൺവീനർക്ക് നൽകിയ തുക | ബിൽ നം./തീയതി |
|---|---|---|---|---|
| 1. | ഏനാദിമംഗലം സി.എച്ച്.സി ഫാർമസി നവീകരണം (S0124/17, 90/18, 93/19)<br>അടങ്കൽ:- 500000/-(M.G.NR)<br>കൺവീനർ:- ഹരികൃഷ്ണൻ<br>എം.ബുക്ക്:- 70/16-17 | 463055 | 449163 | 38/17-18 /31/03/18<br>292123/-<br>5/18-19 /11/07/18<br>164970/- |

ടി പ്രവൃത്തിക്ക് യഥാർത്ഥത്തിൽ ചെലവായ തുകയ്ക്ക് ആധാരമായ രേഖകൾ കൺവീനർ ഹരാക്കാതെ ഫൈനൽ ബിൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/30-09-019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കൺവീനർക്ക് നൽകിയ 449163/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-17 എ)ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ് ചെയ്തില്ല

01-07-2017 ന് ശേഷം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കിയ ടി മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ് ചെയ്തിട്ടില്ല.

ഗുണഭോക്തൃസമിതികൾ വഴി നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തിയാണ് തയ്യാറാക്കിയിട്ടുള്ളതെങ്കിൽ 01-07-2017 മുതൽ വാറ്റ് നിലവിലില്ലാത്തതിനാൽ ബില്ലിൽ നിന്നും 5% തുക കുറവ് ചെയ്യാവുന്നതാണെന്നും കൺവീനർ ജി.എസ്.റ്റി അടവാക്കുന്ന സാഹചര്യത്തിൽ കോമ്പൻസേഷൻ പരിഗണിക്കാവുന്നതാണെന്നും എൽ.എസ്.ജി.ഡി ചീഫ് എഞ്ചിനിയറുടെ 16-03-18ലെ ഡിബി3-9058/17

/CE/LSGD ാം നം. സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓവർ ഹെഡ് ചാർജ് കൂടി ഉൾപ്പെടുത്തി ഓരോ ഇനത്തിനും എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നിട്ടും ഫൈനൽ ബില്ലിൽ നിന്നും ജി.എസ്.റ്റി കോമ്പൻസേഷനായി തുക കുറവ് ചെയ്യാതെ ആദായ നികുതിയും ക്ഷേമനിധി ഫണ്ടും മാത്രം കുറവ് ചെയ്തുകൊണ്ട് കൺവീനർക്ക് അർഹതപ്പെട്ട തുക കണക്കാക്കിയത് ക്രമപ്രകാരമല്ല. ആകെ പ്രവൃത്തി മൂല്യത്തിന്റെ അഞ്ച് ശതമാനമായ 2315/- രൂപ ജി.എസ്.റ്റി കോമ്പൻസേഷനായി കുറവ് ചെയ്യാതെ ഗുണഭോക്തൃസമിതിക്ക് ഫൈനൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/30-09-019) നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയില്ല.കൺവീനർ ജി.എസ്.റ്റി ഒടുക്ക് വരുത്തിയിട്ടുണ്ടോ എന്ന് ആരായേണ്ടതും അല്ലാത്ത പക്ഷം തുക തിരികെ ഈടാക്കി ചരക്ക് സേവന നികുതി വകുപ്പ് നിർദ്ദേശിക്കുന്ന തരത്തിൽ ജി.എസ്.റ്റി അടവാക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 1-18 കരാർ ചമയ്ക്കുന്നതിനുള്ള കാലതാമസത്തിന് പിഴ ചുമത്തിയില്ല

അസിസ്റ്റന്റ് എക്സി. എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി കരാറുകാർ മുഖേന നടപ്പാക്കിയ ഏതാനും മരാമത്ത് പ്രവൃത്തികൾക്ക് നിശ്ചിത സമയ പരിധിയ്ക്കകം എഗ്രിമെന്റ് വയ്ക്കാതെ കാലതാമസം വരുത്തി കരാറിലേർപ്പെട്ടതിന് പിഴ ഈടാക്കാതിരുന്ന നടപടി ക്രമ വിരുദ്ധമാണ്.

കേരള പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2009.6 അനുസരിച്ച് ടെണ്ടർ സ്വീകരിച്ചതായുള്ള സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കാൻ നോട്ടീസിൽ വ്യക്തമാക്കണം. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ട് (മിനിമം 1000/- രൂപയും മാക്സിമം 25000/- രൂപയും) കരാറുടമ്പടി വയ്ക്കാവുന്നതാണ്.

ടെണ്ടർ അംഗീകരിച്ച കരാറുകാർക്ക് നൽകിയ സെലക്ഷൻ നോട്ടീസിൽ മേൽക്കാര്യങ്ങൾ വ്യക്തമാക്കിയിരുന്നുവെങ്കിലും സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനുള്ളിൽ കരാർ ചമയ്ക്കാതിരുന്ന ഏതാനും കരാറുകാർ തുടർന്നുള്ള 10 ദിവസത്തിനകം കരാർ ചമച്ചപ്പോൾ കരാർ തുകയുടെ 1% തുക ഫൈൻ ഇനത്തിൽ പാർട്ട് ബിൽ / ഫൈനൽ ബില്ലിൽ നിന്നും ഈടാക്കിയിരുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ വിശദാംശം | സെലക്ഷൻ നോട്ടീസ് തീയതി | കരാർ ചമച്ച തീയതി | ഫൈനൽ ബിൽ തുക<br>ബിൽ നം./തീയതി | ഈടാക്കേണ്ടിയിരുന്ന ഫൈൻ |
|---|---|---|---|---|---|
| 1 | കുട്ടമൺ ഹരിജൻ കോളനി സമഗ്ര വികസനം (112/17, 83/18, 86/19)<br>കരാറുകാരൻ : അമ്പിളിധരൻ നായർ<br>PAC : 997795 | 10-03-17 | 27-03-17 | 340000/-<br>34/17-18/<br>14-03-18<br>515122/-<br>02/18-19<br>/18-05-19 | 9978 |
| 2 | പുളിനിൽക്കുന്നതിൽപ്പടി പരുമലത്തടി റോഡ് കോൺക്രീറ്റിഗ് & ഐറിഷ് ഡ്രയിൻ (55/18, 78/19)<br>കരാറുകാരൻ : അജികുമാർ. ആർ<br>PAC : 499874 | 25-09-17 | 13-10-17 | 07/18-19/<br>11-07-18<br>തുക 388910/- | 4999 |
| 3 | വേടമല കോളനി റോഡ് സൈഡ് | 23-08-18 | 11-09-18 | 50/18-19<br>/26-03-19 | 4965 |

| | | | | | |
|---|---|---|---|---|---|
| | പ്രൊട്ടക്ഷൻ(54/19)<br>കരാറുകാരൻ : കൃഷ്ണകുമാർ. കെ.ആർ<br>PAC : 496502 | | | 345400/-<br>(പാർട്ട് ബിൽ) | |
| 4 | കാഞ്ഞിരവിള ജംഗ്ഷൻ കുഴിവിളപ്പടി മർത്തോമ പള്ളിപ്പടി റോഡ് പുനരുദ്ധാരണം(59/18, 80/19)<br>കരാറുകാരൻ : അബ്ദുൾ മജീദ്.ഒ<br>PAC : 499486 | 25-09-17 | 11-10-17 | 09/18-19/<br>31-07-18<br>തുക 438279/- | 4995 |
| 5. | പറക്കോട് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ കെട്ടിടത്തിന്റെ പൂർത്തീകരണം(105/19)<br>കരാറുകാരി :പി.കെ.ലത<br>PAC : 999448/- | 31-10-18 | 21-11-18 | 128871/-<br>28/18-19/<br>11-03-19 (പാർട്ട് ബിൽ)<br>301629/-<br>51/18-19 /26-03-19(പാർട്ട് ബിൽ) | 9994 |
| 6. | കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ്(46/19)<br>കരാറുകാരി :പി.കെ.ലത<br>PAC : 1990102/- | 23-08-18 | 11-09-18 | 456227/-<br>23/18-19/<br>25-01-19 (പാർട്ട് ബിൽ)<br>197185/-<br>29/18-19 /11-03-19(പാർട്ട് ബിൽ) | 19901 |
| | ആകെ | | | | 54832/- |

പിഴ ചുമത്താതെ ടി കരാറുകാരെക്കൊണ്ട് എഗ്രിമെന്റ് വയ്പ്പിച്ചത് മൂലം ബ്ലോക്ക് പഞ്ചായത്തിന് പിഴ ഇനത്തിൽ ലഭിക്കേണ്ട വരുമാനം നഷ്ടപ്പെടുത്തിയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(10/28-09-19) ലഭ്യമാക്കിയ മറുപടിയിൽ ക്രമ നം.1, 2, 4 ആയി പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾക്ക് പിഴ ഒടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ക്രമ നം.3, 5, 6 ആയി പരാമർശിച്ചിട്ടുള്ള പ്രവൃത്തികൾക്ക് എഗ്രിമെന്റ് വയ്ക്കുന്നതിലുണ്ടായ കാലതാമസം 2018 ലെ മഹാപ്രളയത്തിനു ശേഷം എഞ്ചിനിയറിംഗ് വിഭാഗത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നിയോഗിച്ചതിനാലാണെന്നും അസി. എക്സി.എഞ്ചിനിയർ അറിയിച്ചു. പ്രളയ ദുരിതാശ്വാസവുമായി ബന്ധപ്പെട്ട് എഞ്ചിനിയറിംഗ് വിഭാഗം പ്രവർത്തിക്കുന്നതിനാൽ തങ്ങൾക്ക് യഥാസമയം കരാർ വയ്ക്കുന്നതിന് കഴിഞ്ഞിട്ടില്ലായെന്ന് പ്രസ്തുത കരാറുകാർ ആരും തന്നെ പരാതിപ്പെട്ടതായി ഫയലിൽ കാണുന്നില്ല. ഈ സാഹചര്യത്തിൽ പിഴയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് ഉണ്ടായ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്നും ഈടാക്കി ഒടുക്കു വരുത്തേണ്ടതാണ്.

## 1-19 നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം കൈപ്പറ്റിയതായി രേഖയില്ല

2018-19 സാമ്പത്തിക വർഷം അസി.എക്സി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 37 പ്രവൃത്തികൾക്കായി മാറിയ 52 ബില്ലിൽ നിന്നും ക്ഷേമനിധി ഫണ്ട് ഇനത്തിൽ 201235/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത തുക ക്ഷേമനിധി ബോർഡിൽ ഒടുക്കിയത് ബോർഡ് സെക്രട്ടറി കൈപ്പറ്റിയതായി രേഖയില്ല. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് വിവിധ തീയതികളിലായാണ് പ്രസ്തുത തുക ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തിട്ടുള്ളതെന്നും ഔദ്യോഗിക രസീത് ലഭ്യമാക്കിയിട്ടില്ലെന്നും അസി.എക്സി.എഞ്ചിനിയർ അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള തൻ വർഷത്തെ ക്ഷേമ നിധി ഇനത്തിലുള്ള ആകെ ഡിമാന്റ് 201235/- രൂപയാണെന്നും പ്രസ്തുത തുക ക്ഷേമ നിധി ബോർഡിലേക്ക് ഒടുക്കിയിട്ടുണ്ടെന്നും ബോർഡിനെ അറിയിച്ച് ആയത് ബോർഡ് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ആയിട്ടുണ്ടോയെന്ന് അന്വേഷിച്ച് ഉറപ്പ് വരുത്തി ഔദ്യോഗിക രസീത് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-20 കായിക പരിശീലനം കഴിഞ്ഞതിനു ശേഷം ഉപകരണങ്ങൾ വാങ്ങി

കായിക പരിശീലനം കഴിഞ്ഞതിനു ശേഷം പരിശീലനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങിയതിനാൽ പദ്ധതിപ്പണം പാഴായി.

കൊടുമൺ, കലഞ്ഞൂർ, ഏഴംകുളം ഗ്രാമപ്പഞ്ചായത്തുകളിലെ സ്കൂൾ കുട്ടികൾക്ക് കായിക പരിശീലനം നടത്തുന്നതിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനാണ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി നടപ്പിലാക്കിയത്. 200000 രൂപ വികസന ഫണ്ടിൽ നിന്നും അടങ്കൽ വകയിരുത്തിയ പദ്ധതിയിൽ 196007 രൂപ ചെലവഴിച്ചിട്ടുണ്ട്.

കായിക ഉപകരണങ്ങൾ വാങ്ങിയതിന്റെയും വിതരണം ചെയ്തതിന്റെയും വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഉപകരണത്തിന്റെ പേര് | വില(യൂണിറ്റിന്) | നികുതി | വിതരണം ചെയ്ത ഉപകരണങ്ങളുടെ എണ്ണം | | |
|---|---|---|---|---|---|---|
| | | | | കൊടുമൺ | ഏഴംകുളം | കലഞ്ഞൂർ |
| 1. | വോളി ബോൾ | 553 | 12% | 10 | 10 | 10 |
| 2. | വോളിബോൾ നെറ്റ് | 747 | 12% | 2 | 2 | 2 |
| 3. | ഫുട്ബാൾ | 536 | 12% | 10 | 10 | 10 |
| 4. | ഫുട്ബാൾ നെറ്റ് | 6165 | 12% | 2 | 2 | 2 |
| 5. | കോർണർ ഫ്ളാഗ് | 207 | 12% | 4 | 4 | 4 |
| 6. | ഹൈജമ്പ് സ്റ്റാന്റ് | 4671 | 12% | 1 | 1 | 1 |
| 7. | ഹൈജമ്പ് ക്രോസ്സ് ബാർ | 1305 | 12% | 2 | 1 | 1 |
| 8. | ജാവലിൻ | 126 | 12% | 5 | 5 | 5 |
| 9. | ഷോട്ട് പുട്ട് 5 കി.ഗ്രാം | 555 | 12% | 1 | 1 | 1 |
| 10. | ഡിസ്കസ്സ് 2 കി.ഗ്രാം | 567 | 18% | 1 | 1 | 1 |
| 11. | ട്രാഫിക് കോൺ അപക്സ് 9 | 45 | 12% | 50 | 50 | 50 |
| 12. | ഫ്ളാബ് കോർണർ | 200 | 12% | 4 | 4 | 4 |
| 13. | ജഴ്സി | 290 | 5% | 202 | - | 93 |

പദ്ധതി നടത്തിപ്പിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.

കൊടുമൺ ഗ്രാമപ്പഞ്ചായത്തിൽ 2018 ഏപ്രിൽ 6 മുതൽ 45 ദിവസം വരെ നടത്തുന്ന പരിശീലത്തിനും ഏഴംകുളം ഗ്രാമപ്പഞ്ചായത്തിൽ 100 ദിവസത്തേക്ക് നടത്തുന്ന (20.12.2017 ൽ 56 ദിവസം പിന്നിട്ടു എന്നാണ് പഞ്ചായത്ത് സെക്രട്ടറി നൽകിയ കത്തിൽ പറഞ്ഞിട്ടുള്ളത്.) പരിശീലനത്തിനും ആവശ്യമായ കായിക ഉപകരണങ്ങൾ ലഭ്യമാക്കണമെന്നാണ് അതാത് പഞ്ചായത്ത് സെക്രട്ടറിമാർ ആവശ്യപ്പെട്ടിരിക്കുന്നത്. കലഞ്ഞൂർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും ഉപകരണങ്ങൾ ആവശ്യപ്പെട്ടിട്ടില്ല. ഉപകരണങ്ങൾ വാങ്ങിയിട്ടുള്ളത് 12.06.2018 ലാണ്.

സെക്രട്ടറിമാരുടെ കത്തിന്റെ അടിസ്ഥാനത്തിൽ ഏഴംകുളം ഗ്രാമപ്പഞ്ചായത്തിലേത് 2018 ഫെബ്രുവരി 2 ലും കൊടുമൺ ഗ്രാമപ്പഞ്ചായത്തിലേത് 2018 മെയ് 20 നും അവസാനിച്ച എന്നിരിക്കെ പരിശീലനത്തിനു ശേഷം ഉപകരണങ്ങൾ വാങ്ങിയതിനാൽ പദ്ധതിപ്പണം പാഴായതായി ഓഡിറ്റ് വിലയിരുത്തുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (8/27.09.2019) 2019-20 വർഷവും കായിക പരിശീലനം നടന്നിട്ടുണ്ടെന്നും വാങ്ങിയ സാധനങ്ങൾ പരിശീലനത്തിന് ഉപയോഗിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച വിശദമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നുമാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതിയ്ക്കായി ചെലവഴിച്ച 196007 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ റിപ്പോർട്ട് ലഭിച്ച് 60 ദിവസത്തിനകം പദ്ധതിച്ചെലവിനെ സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കാത്ത പക്ഷം ചെലവുതുക ഓഡിറ്റിൽ നിരാകരിക്കുന്നതും ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമ/ചട്ട പ്രകാരം തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്.

## 1-21 സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതു കാരണം അധികച്ചെലവുണ്ടായി

സർക്കാർ നിർദ്ദേശം പാലിക്കാതെ പത്രപ്പരസ്യം നൽകിയതു കാരണം പൊതു ആവശ്യ ഫണ്ടിൽ നിന്നും അധികം തുക ചെലവഴിച്ചു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് പരസ്യങ്ങൾ നൽകിയതിനാണ് തുക ചെലവഴിച്ചത്.

പൊതുഭരണ വകുപ്പിന്റെ 01.01.04 ലെ സ.ഉ(അച്ചടി)01/04 ഐ ആന്റ് പി ആർ, 21.06.04 ലെ സർക്കുലർ നം. 7441/D-1/04/ ഐ ആന്റ് പി ആർ എന്നിവ പ്രകാരം ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ രണ്ട് കോളം(8 സെ.മീ) മൂന്ന് സെന്റീമീറ്റർ വലിപ്പത്തിൽ ആയിരിക്കണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഇത്തരത്തിൽ വിൻഡോ പരസ്യം നൽകാതിരുന്നത് മൂലം പരസ്യങ്ങൾക്ക് അധികചെലവ് ഉണ്ടായിട്ടുണ്ട്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പരസ്യം നൽകിയ ഇനം,പത്രത്തിന്റെ പേര് | നിരക്ക് | പരസ്യത്തിന്റെ അളവ് | ചെലവായ തുക,ചെക്ക് നമ്പർ/തീയതി | ചെലവാക്കാവുന്ന തുക | അധികം ചെലവാക്കിയ തുക |
|---|---|---|---|---|---|---|
| 1. | ടാറിംഗ് പ്രവൃത്തി- തുണ്ടിയത്ത് മേലേപ്പടി ചെറിങ്ങലേത്ത് പടി റോഡ് ടാറിംഗ് | 210/ച.മീ | 8X4 | 5998(ഡിസ്കൗണ്ട് കഴിച്ച്)<br>ചെക്ക് 2725617 തീയതി 19.07.2018 | 5284(ഡിസ്കൗണ്ട് കഴിച്ച്) | 714 |
| 2. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് നിർവ്വഹണോദ്യോഗസ്ഥനായ11 മരാമത്ത് പ്രവൃത്തികൾ | 210/ച.സെ.മീ | 8X4 | 5998(ഡിസ്കൗണ്ട് കഴിച്ച്)<br>ചെക്ക് 2725617 തീയതി 19.07.2018 | 5284(ഡിസ്കൗണ്ട് കഴിച്ച്) | 714 |
| 3. | ബ്ളോക്ക് പഞ്ചായത്തിലെ വിവിധ പദ്ധതികൾ | 210/ച.സെ.മീ | 8X4 | 5998(ഡിസ്കൗണ്ട് കഴിച്ച്)<br>ചെക്ക് 2725646 തീയതി 23.10.2018 | 5284(ഡിസ്കൗണ്ട് കഴിച്ച്) | 714 |
| 4. | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് നിർവ്വഹണോദ്യോഗസ്ഥനായ 4 മരാമത്ത് പ്രവൃത്തികൾ | 210/ച.സെ.മീ | 8X4 | 5998(ഡിസ്കൗണ്ട് കഴിച്ച്) | 5284(ഡിസ്കൗണ്ട് കഴിച്ച്) | 714 |

| | | | | | | |
|---|---|---|---|---|---|---|
| | | | | ചെക്ക് 2725648 തീയതി 03.11.2018 | | |

ഈ നിരക്കിൽ നിരവധി പരസ്യങ്ങൾ 2018-19 വർഷം നൽകിയിട്ടുണ്ട്. സർക്കാർ നിർദ്ദേശത്തിനനുസരിച്ച് പരസ്യം നൽകാതിരുന്നതിനാൽ പഞ്ചായത്തിന് അധികച്ചെലവുണ്ടായിട്ടുണ്ട്. പഞ്ചായത്തിന്റെ ദൈനം ദിന ചെലവുകൾക്ക് ചെലവഴിക്കേണ്ടിയിരുന്ന തുകയാണ് ഇത്തരത്തിൽ അധികം ചെലവഴിച്ചത്. വരും വർഷങ്ങളിൽ ഇത്തരത്തിലുള്ള ചെലവുകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-22 മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ പ്രോജക്ടുകൾ ഏറ്റെടുത്തു

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗ രേഖ ഖണ്ഡിക 7.6(9), 7.6(10) പ്രകാരം സർക്കാർ ഹൈസ്കൂളിനോടു ചേർന്നുള്ള എൽ.പി, യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ജില്ലാപ്പഞ്ചായത്തിന്റെയും ഗ്രാമപ്പഞ്ചായത്തുകളുടെ നിയന്ത്രണത്തിലുള്ള യു.പി സ്കൂളുകളിലെ പശ്ചാത്തല വികസന പ്രോജക്ടുകൾ ഗ്രാമപ്പഞ്ചായത്തിന്റെയും സമ്മതത്തോടെ ബ്ളോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

എന്നാൽ ബ്ളോക്ക് പഞ്ചായത്ത് നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകൾക്ക് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും അനുമതി വാങ്ങിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | നിർവ്വഹണോദ്യോഗസ്ഥൻ | ചെലവഴിച്ച തുക,ബിൽ നമ്പർ/തീയതി |
|---|---|---|---|
| 1. | കുന്നിട ഗവണ്മെന്റ് എൽ.പി സ്കൂളിൽ കുടിവെള്ള പദ്ധതി(48/19) | സെക്രട്ടറി | 143000<br>868897,28.11.2018 |
| 2. | സർക്കാർ എൽ.പി, യു.പി സ്കൂളുകൾക്ക് ഫർണിച്ചർ ലഭ്യമാക്കൽ (34/19)-(ഹൈസ്കൂളിനോടു ചേർന്നുള്ള യു.പി.സ്കൂളിനും ആനുകൂല്യം നൽകിയിട്ടുണ്ട്) | സെക്രട്ടറി | 981000<br>(541000-708430,25.10.2018<br>296630–760741,07.11.2018<br>143370-976564,21.12.2018) |
| 3. | ഗേൾസ് ഫ്രണ്ട്ലി ടോയ്ലെറ്റ്, തുവയൂർ നോർത്ത് എൽ.പി.എസ്സ്, 30/19 | അസിസ്റ്റന്റ് എൻജിനീയർ | 223386<br>36/2018-19, 18.03.2019 |
| 4. | അഡോളൻസ് കൗൺസിലിംഗ് സെന്റർ,63/19 | അസിസ്റ്റന്റ് എൻജിനീയർ | 455720<br>30/18-19, 11.03.2019 |

മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനുമതിയില്ലാതെ പ്രോജക്ടുകൾ നടപ്പിലാക്കുന്ന പക്ഷം പദ്ധതികളുടെ നടത്തിപ്പിൽ ഇരട്ടിപ്പ് ഉണ്ടാകാനിടയുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(14/30.09.2019) മേൽപ്പറഞ്ഞ പ്രോജക്ടുകൾക്കുള്ള അനുമതി പത്രം ബന്ധപ്പെട്ട പഞ്ചായത്തുകളിൽ നിന്നും വാങ്ങി സൂക്ഷിക്കുന്നതാണെന്നാണ് മറുപടി നൽകിയത്. പഞ്ചായത്തിൽ നിന്നും അനുമതി ലഭ്യമാകുന്ന മുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-23 ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകാതെ തുക നിക്ഷേപിച്ചു

പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ(എസ്സ്.സി.പി-പ്രോജക്റ്റ് നമ്പർ 33/19) പ്രോജക്റ്റിന്റെ ഭാഗമായുള്ള ചുവടെ ചേർക്കുന്ന പ്രവൃത്തിയ്ക്ക് പട്ടികജാതി വികസന വകുപ്പിൽ നിന്നും ഫീസിബിലിറ്റി ലഭ്യമാകാതെയാണ് വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചിട്ടുള്ളത്.

സിദ്ധു ഭവൻ പടി - തോന്നല്ലൂർ ചിറ റോഡ് - നിക്ഷേപിച്ച തുക - 116896.56 (ബിൽ നമ്പർ 1151546 dtd 02.02.2019)

പട്ടികജാതി വികസന വകുപ്പിൽ നിന്നും ഫീസിബിലിറ്റി ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-24 സെന്റേജ് ചാർജിനത്തിൽ അധികം തുക നൽകി

PWD മാന്വൽ ഖണ്ഡിക 1601.4 പ്രകാരം 12.5% സെന്റേജ് ചാർജ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കാൻ പാടില്ല. PWD മാന്വൽ കേരള വാട്ടർ അതോറിറ്റിയ്ക്കും ബാധകമാണ്. തദ്ദേശ സ്വയം ഭരണ (FM) വകുപ്പിന്റെ 16.04.2018 ലെ സ.ഉ (സാധാ) നം.1069/2018/ത.സ്വ.ഭ വ ഉത്തരവു പ്രകാരം K.W.A യ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് 12.5%സെന്റേജ് ചാർജ് ഈടാക്കാൻ പാടില്ല എന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ പൈപ്പ ലൈൻ നീട്ടൽ പ്രവൃത്തിയുടെ (പ്രോ.നം.33/19) ഭാഗമായി തെറ്റിമൂകൾ -വാർഡ് 13( എന്ന പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തിയിൽ സെന്റേജ് ഇനത്തിൽ 10% തുക അടവാക്കുന്നതിനു പകരം 12.5% തുക അടവാക്കി.

| | |
|---|---|
| എസ്റ്റിമേറ്റ് തുക - | 59844.96 (ബിൽ നമ്പർ 1151546 dtd 02.02.2019). |
| സെന്റേജ് ഇനത്തിൽ ഈടാക്കിയ തുക- | 7480.62 രൂപ |
| സെന്റേജ് ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക- | 5984.50 രൂപ |
| അധികം ഈടാക്കിയ തുക - | 1496.12 രൂപ |

അധികം നൽകിയ തുക വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994** സെക്ഷൻ **16,KLFA Rules 1996** ചട്ടം **19(1)** പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം**]**

## 2-1 വരവ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, ചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായ നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994** സെക്ഷൻ **16,KLFA Rules 1996** ചട്ടം **19(2)** പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം**]**

## 3-1 ചെലവ് നിരീക്ഷണങ്ങൾ

ഭാഗം 1-ൽ ഉൾപ്പെടുത്തിയിട്ടുള്ള ചെലവ് സംബന്ധമായ ഓഡിറ്റ് നിരീക്ഷണങ്ങളിൽ നിന്നും വ്യക്തമായ നഷ്ടം പരാമർശിക്കുന്നതും, സർചാർജ്ജ് നടപടികൾ സ്വീകരിക്കുന്നതിന് അനുയോജ്യമായി നിരീക്ഷണങ്ങൾ ഇല്ല.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 18.06.2019 | കെ.എസ്സ്.എ.പി.റ്റി.എ.പി1/602(61)/ 21.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| -ഇല്ല- | | | | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 33/2019 | 803864/ 27.11.2018 | 1420000 | - | 1420000 |
| 2 | വാട്ടർ അതോറിറ്റി | ഏനാദിമംഗലം-ചായലോട് പുല്ലാഞ്ഞിക്കാലാ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ 62/2019 | 880345/ 30.11.2018 | 470000 | - | 470000 |
| 3 | കെ.എസ്സ്.ഇ.ബി | പട്ടികജാതി കോളനികളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ 67/2019 | 1474139/ 20.03.2019 | 254232 | - | 254232 |
| 4 | ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുന്നിട ഗവ.എൽ.പി.സ്കൂളിൽ കുടിവെള്ള പദ്ധതി | 868897/ 28.11.2018 | 143000 | - | 143000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-6 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളതും കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടതുമായ ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| *ഓഡിറ്റ് വർഷം* | *ഖണ്ഡിക നം.* | *സമാഹൃത റിപ്പോർട്ട് വർഷം* | *വിഷയം* | *ഇപ്പോഴത്തെ അവസ്ഥ* |
|---|---|---|---|---|
| 2003-04 | 2-8. | 2007-08 | പാറക്കുഴി - പറമ്പിക്കുഴി എലാ ബണ്ട് നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്. | പരാമർശം നിലനിൽക്കുന്നു. |
| 2006-07 | 2-1. . | 2006-07 | വനിതാക്ഷേമം (ജനറൽ, എസ് സി പി) പദ്ധതി ലക്ഷ്യത്തിൽ മാറ്റം വരുത്തി നടപ്പിലാക്കി | പരാമർശം നിലനിൽക്കുന്നു. |
| | 2-2. | | വനിതാക്ഷേമം- തയ്യൽ മെഷീൻ വിതരണം ചെയ്യാത്തത് സംബന്ധിച്ച് | പരാമർശം നിലനിൽക്കുന്നു. |
| | 2-6 | | വൃദ്ധർ വികലാംഗക്ഷേമം പദ്ധതി നടത്തിപ്പിലെ അപാകതകൾ | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 153822697 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 135308072 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2746007 |

(ബി). ബ്ളോക്ക്പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13(1) | 700000 | റാണി.സി.ജി, പട്ടികജാതി വികസന ഓഫീസർ |
| 1-13(2) | 1850000 | |
| 1-20 | 196007 | ശ്രീലക്ഷ്മി.ജി, സെക്രട്ടറി |
| ആകെ | 2746007 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-16 | 16677(ജി.എസ്സ്.റ്റി) |
| 1-17(എ) | 2315(ജി.എസ്സ്.റ്റി) |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| റാണി.സി.ജി, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ, പറക്കോട് ബ്ളോക്ക് പഞ്ചായത്ത് | പാലവിളയിൽ അങ്ങാടിക്കൽ സൗത്ത് കൊടുമൺ |
| ശ്രീലക്ഷ്മി.ജി, സെക്രട്ടറി | സെക്രട്ടറി, പറക്കോട് ബ്ളോക്ക് പഞ്ചായത്ത് | താണവേലിൽ ചെറിയനാട്.പി.ഒ ചെങ്ങന്നൂർ ആലപ്പുഴ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 2003-04 | എൽ.എഫ്.പി.റ്റി.എ – പി6/940/06, തീയതി 09-07-07 |
| 2004-05 | എൽ.എഫ്.പി.റ്റി.എ – പി6/ 877/06, തീയതി 06-12-07 |
| 2005-06 | എൽ.എഫ്.പി.റ്റി.എ – പി6/ 878/06, തീയതി 11-12-07 |
| 2006-07 | എൽ.എഫ്.പി.റ്റി.എ – പി6/561/08, തീയതി 13-03-09 |
| 2008-09 | എൽ.എഫ്.പി.റ്റി.എ – പി2/29/11, തീയതി 11-05-11 / 11-07-11 |
| 2009-10 | എൽ.എഫ്.പി.റ്റി.എ – പി2/ 30/11, തീയതി 10-10-11/16-03-12 |
| 2010-11 & 2011-12 | എൽ.എഫ്.പി.റ്റി.എ – പി2/236/13, തീയതി 30-11-13 /13-12-13 |
| 2012-13 | എൽ.എഫ്.പി.റ്റി.എ – പി2/ 226/14, തീയതി 09-05-14 |
| 2013-14 | എൽ.എഫ്.പി.റ്റി.എ – പി2/ 256/15, തീയതി 13-07-15 |
| 2014-15 | കെ എസ് എ പി.റ്റി.എ – പി2/1012/16, തീയതി 07-09-16 |

| | |
|---|---|
| 2015-16 | കെ എസ് എ പി.റ്റി.എ – പി13/215/17, തീയതി 15-04-17 |
| 2016-17 | കെ എസ് എ പി.റ്റി.എ – പി12/1303/17, തീയതി 07-12-17 |
| 2017-18 | കെ.എസ്സ്.എ.പി.റ്റി.എ.പി12/322/19 തീയതി 10.05.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഹബീബ് മുഹമ്മദ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

## അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി 12/862/2019 തീയതി:11.10.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പറക്കോട് ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ

ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.K.S.A.P.T.A.P12/862/2019 Dated:11.10.2019

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Parakkode Block Panchayat in Pathanamthitta District for the year ended on 31.03.2019 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Parakkode Block Panchayat for the year 2018-19 except the obeservations in my report properly presents the picture of income and expenditure.

Habeeb Mohammed
Senior Deputy Director
Kerala State Audit Department
Pathanamthitta